## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3090** **10/05/2017-ൽ മറുപടിക്ക്**

### ഡെങ്കിപ്പനി

**ചോദ്യം**

**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

**എ)** സംസ്ഥാനത്ത് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ എത്രപേർക്ക് ഡെങ്കിപ്പനി ബാധിച്ചിട്ടുണ്ട്;

**എ)** സംസ്ഥാനത്ത് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ഡെങ്കിപ്പനി ബാധിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1524 |
| കൊല്ലം | 158 |
| പത്തനംതിട്ട | 20 |
| ഇടുക്കി | 6 |
| കോട്ടയം | 52 |
| ആലപ്പുഴ | 53 |
| എറണാകുളം | 45 |
| തൃശ്ശൂർ | 83 |
| പാലക്കാട് | 183 |
| മലപ്പുറം | 24 |
| കോഴിക്കോട് | 53 |
| വയനാട് | 31 |
| കണ്ണൂർ | 31 |
| കാസർഗോഡ് | 3 |
| **ആകെ** | **2266** |

**ബി)** രോഗപ്രതിരോധത്തിനായി ആരോഗ്യ-വകുപ്പ് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

**ബി)** പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി

സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. മഴക്കാലം വരുന്നതിനും മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ശുചിത്വ മിഷനേയും, ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കി വരുന്നു. രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നുണ്ട്. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുക്-നശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക(ഐ.എസ്.എസ്) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്) ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ വയറിളക്ക രോഗ-ത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്. ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

➡

**സി)** രോഗം കടന്നുവരാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ആരോഗ്യ വകുപ്പ് പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

**സി)** പരിശോധിച്ചിട്ടുണ്ട്. ഡെങ്കിപ്പനി ബാധയിൽ സംസ്ഥാനത്ത് ഉള്ള വർദ്ധനവ് രാജ്യവ്യാപകമായി ഉണ്ടായ വർദ്ധനവിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. ഇടവിട്ടുള്ള വേനൽമഴയും നഗരവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളും ജലദൗർലഭ്യവും ഡെങ്കിപ്പനി വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

**ഡി)** രോഗനിർണ്ണയത്തിനും പ്രതിരോധ പ്രവർത്തനത്തിനുമായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

**ഡി)** കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം തുടങ്ങിയ അഞ്ച് ജില്ലകളിലെയും റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും, തിരുവനന്തപുരം ജില്ലയിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലും രോഗനിർണ്ണയത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ല/ജനറൽ ആശുപത്രികളിലും, ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, പാലക്കാട് കൊട്ടത്തറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും രോഗനിർണ്ണയം നടത്തുന്നുണ്ട്. ഡെങ്കിയുടെ ദ്രുത പരിശോധനാ സംവിധാനം താലൂക്ക് ആശുപത്രിയിലും നടത്തുന്നുണ്ട്. തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഡെങ്കി വൈറസുകളെ കണ്ടെത്തുവാനുള്ള പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിനുള്ള സംവിധാനവും ഉണ്ട്.

രോഗബാധിത പ്രദേശങ്ങളിലും, രോഗബാധയുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും റാപ്പിഡ് റെസ്പോൺസ് ടീം ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഊർജ്ജിതമായി കൊതുകിന്റെ ഉറവിട നശീകരണം, ഇൻഡോർ സ്പേസ് സ്പ്രേ (വീടിനകത്ത് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പൈറത്രം എക്സ്ട്രാക്റ്റ് സ്പ്രേ ചെയ്യുന്നത്) വീടിനും പുറത്തും സ്പ്രേയിംഗ്, ഫോഗിംഗ് കൂടാതെ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി ചെയ്തുവരുന്നു.

ആരോഗ്യ സന്നദ്ധ പ്രവർത്തകർ

ഗൃഹസന്ദർശനം നടത്തി കൊതുകിന്റെ ഉറവിടങ്ങൾ കണ്ടുപിടിച്ച് ഇല്ലാതാക്കി-വരുന്നു. കൊതുക് ഉറവിട നശീകരണ കാമ്പെയിനുകളും ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരണവും ഡെങ്കിപ്പനി നിയന്ത്രണത്തിനായി ചെയ്തുവരുന്നു. ഏപ്രിൽ 24, 25 തീയതികളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൊതുകുകളുടെ ഉണങ്ങിയ ഉറവിടങ്ങൾ നശിപ്പിക്കുന്നതിനായി ഒരു തീവ്രയജ്ഞ പരിപാടി നടത്തുകയുണ്ടായി. 26, 27 തീയതികളിൽ തോട്ടം തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഉണങ്ങിയ ഉറവിട നശീകരണം നടത്തി. 29-ാം തീയതി ഹെൽത്തി കേരള കാമ്പെയിന്റെ ഭാഗമായി വീടുകൾ , പൊതുസ്ഥലങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, നിർമ്മാണ മേഖലകൾ എന്നിവിടങ്ങളിൽ കൊതുകിന്റെ ഉറവിടങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി.

**ഇ)** സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഡെങ്കിപ്പനി ബാധിതർ കണ്ടുവരുന്നത് ?

**ഇ)** ഡെങ്കിപ്പനി ഈ വർഷം കൂടുതലായി റിപ്പോർട്ട് ചെയ്തത് തിരുവനന്തപുരം, കൊല്ലം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലാണ്.

**സെക്ഷൻ ഓഫീസർ**